മുകളിൽ ഒന്ന് മുതൽ മൂന്നുവരെയുള്ള ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ പ്രാരംഭ ചെലവുകൾ അതാതു ബോർഡുകൾ വഹിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കെസ്റു പദ്ധതിക്ക് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

അഞ്ച് ഐ. ടി. ഐ.-കൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി പ്രാരംഭ ദിശയിലായതിനാൽ ഇതിന്റെ ധനനിർണ്ണയ രീതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പരിഗണനയിലാണ്.

(ഡി) 1 മുതൽ 4 വരെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തി. 5-ാമത്തെ പദ്ധതിയായ അഞ്ച് ഐ. ടി. ഐ.-കൾ മികവിന്റെ കേന്ദ്രമായി അപ്ഗ്രേഡ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി

*5 [1280] ശ്രീ. ടി. പി. രാമകൃഷ്ണൻ :
,, മഞ്ഞളാംകുഴി അലി :
,, കെ. പി. സതീശ്ചന്ദ്രൻ :
,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിൽ തൊഴിൽ വകുപ്പ് പരാജയപ്പെട്ടിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) തൊഴിൽ പ്രശ്നങ്ങളിലും തൊഴിൽ ഉറപ്പാക്കുന്നതിനും തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്ന് മെച്ചപ്പെട്ട പ്രവർത്തനം ഉണ്ടാകാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ; തൊഴിൽ അന്തരീക്ഷത്തെപ്പറ്റി നിക്ഷേപകരിൽ വിശ്വാസം വളർത്താൻ എന്തെല്ലാം പുതിയ നിയന്ത്രണങ്ങളാണ് തൊഴിലാളികൾക്കെതിരെ സർക്കാർ കൊണ്ടുവന്നിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന സർക്കാരിന്റെ പുതിയ തൊഴിൽ നയത്തിന്റെ ഭാഗമായി പൊതുമേഖലയിലും സഹകരണ മേഖലയിലും നിക്ഷേപങ്ങൾ ഗണ്യമായി ആകർഷിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും അവ പുരോഗമിച്ചുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ാഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ
ം. ജി. പി.-യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നുവരുന്നുണ്ട്. 1960-ലെ കടകളും
ണിജ്യസ്ഥാപനങ്ങളും നിയമത്തിലെ ജോലി സമയം, സ്പ്രെഡ് ഓവർ, തുറക്കുകയും
ടയ്ക്കുകയും ചെയ്യുന്ന സമയം, പ്രതിവാര അവധി, രാത്രിയിൽ സ്ത്രീകളെ ജോലി
ിയ്യിപ്പിക്കുന്നത് സംബന്ധിച്ച സമയപരിധി എന്നിവയിൽ നിന്ന് ടൂറിസം മുതലായ ചില
ഖലകളെ ചില വ്യവസ്ഥകൾക്ക് വിധേയമായി മാത്രം ഒഴിവാക്കിക്കൊണ്ട് സർക്കാർ
ജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കയറ്റിറക്കു മേഖലയിൽ നിലനിൽക്കു
തായി പറയപ്പെടുന്ന ആശാസ്യകരമല്ലാത്ത ചില പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ
,വസായ വികസനത്തിനും നിക്ഷേപകരെ ആകർഷിക്കുന്നതിനും വിലങ്ങുതടിയായി
ൽക്കുന്നുണ്ടെന്ന പ്രചരണം കണക്കിലെടുത്ത് 2002-നവംബർ അഞ്ചുമുതൽ കേരള
യറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും)
യമം എന്ന പേരിൽ ഒരു പുതിയ നിയമം നിലവിൽ വന്നിട്ടുണ്ട്. ഇൻഫർമേഷൻ
ക്നോളജി മേഖലയിലും അതുമായി ബന്ധപ്പെട്ട സേവന മേഖലകളിലും സെൽഫ്
ർട്ടിഫിക്കേഷൻ എന്ന പദ്ധതി നടപ്പിലാക്കിവരികയാണ്.

(സി) ഉണ്ട്. തോട്ടം മേഖലയിലെ കടുത്ത പ്രതിസന്ധിമൂലം നിരവധി
ാഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. തോട്ടങ്ങൾ
ുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഷ്ടതയനുഭവിക്കുന്ന തോട്ടം
ാഴിലാളികൾക്കും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുമായി വിവിധ
ക്ഷേമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട
ാഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.
ാമ്പത്തിക പ്രതിസന്ധിമൂലം ചില സ്പിന്നിംഗ് മില്ലുകൾ പ്രവർത്തനം
ിർത്തിവച്ചതിനെത്തുടർന്ന് ടെക്സ്റ്റൈൽ മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന
ാഹചര്യമുണ്ട്. അവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി വിവിധ തലങ്ങളിൽ
ർച്ചകൾ നടന്നുവരികയാണ്.

"ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം"

76 [1281] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ാഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേബർ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്ന് പരിശോധിക്കാൻ എന്തെല്ലാം ംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലേക്ക് ന്തിയുടെയോ, സെക്രട്ടറിയുടെയോ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ കൂടാറുണ്ടോ ;

(സി) അവസാനമായി യോഗം കൂടിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly